1. കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങൾ പരമാവധി 60 ചതുരശ്ര മീറ്റർ വരെ.

2. ഓടുമേഞ്ഞ വീടുകൾ പരമാവധി 70 ചതുരശ്ര മീറ്റർ വരെ.

3. ഷീറ്റുകൊണ്ടുള്ള മേൽക്കൂരയുള്ള വീടുകൾ പരമാവധി 80 ചതുരശ്ര മീറ്റർ വരെ, ടി പദ്ധതി പ്രകാരം 28,000 രൂപയാണ് ബോർഡ് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്. ഇതിൽ 19,000 രൂപ വായ്പയായും 9,000 രൂപ സർക്കാർ സബ്സിഡിയുമാണ്. സബ്സിഡിക്കുള്ള പദ്ധതി ആയതിൽ മേൽപ്പറഞ്ഞ തറവിസ്തീർണ്ണത്തിൽ കൂടുതലുള്ള വീടുകൾക്ക് വായ്പാ ഗഡുക്കൾ നൽകുവാൻ വ്യവസ്ഥയില്ല.

മൈത്രീ പദ്ധതി 31-12-2004-ൽ പൂർണ്ണമായി ബോർഡ് നിറുത്തലാക്കുകയും ചെയ്തു.

ത്രിതല പഞ്ചായത്ത് മുഖേന നൽകുന്ന ഭവന നിർമ്മാണ സഹായം

203 [1828] *ശ്രീ. കെ. പി. മോഹനൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് മുഖേന ഭവന നിർമ്മാണ വകുപ്പ് വീട് നിർമ്മിക്കാൻ നൽകുന്ന ധനസഹായങ്ങൾ വിശദീകരിക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പ്രസ്തുത വകുപ്പ് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഒരു പ്രാവശ്യം ധനസഹായം ലഭിച്ച ഉപഭോക്താവിന് വീട് പുതുക്കിപണിയാൻ ധനസഹായം ലഭിക്കാൻ എന്തൊക്കെ വ്യവസ്ഥകളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ;

(ഡി) വീട് പണിതവർക്ക് അത് റിപ്പയർ ചെയ്യാൻ ധനസഹായം നൽകാറുണ്ടോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകളാണെന്ന് വിശദീകരിക്കാമോ;

(ഇ) പാവപ്പെട്ടവരെ സഹായിക്കാൻ ഇപ്പോഴുള്ള നിയമങ്ങളിൽ ഇളവ് വരുത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) ലക്ഷം വീട് കോളനി നവീകരണ പദ്ധതി, മൈത്രീ ഭവന നിർമ്മാണ പദ്ധതി എന്നിവ ത്രിതല പഞ്ചായത്ത് മുഖേന ഭവന നിർമ്മാണ ബോർഡ് നടപ്പാക്കിയ പദ്ധതികളാണ്. ഈ പദ്ധതികൾ പ്രകാരം നൽകുന്ന ധനസഹായ വിവരങ്ങൾ ഇനി പറയുന്നു.

1. ലക്ഷംവീട് കോളനി പദ്ധതി-കേരള സർക്കാർ 1972-ൽ നടപ്പിലാക്കിയ ലക്ഷം വീട് പദ്ധതിയിൽപ്പെട്ട വീടുകൾ ശരിയായ അറ്റകുറ്റപ്പണികളും മറ്റും ചെയ്യാത്തതിനാൽ ശോചനീയവസ്ഥയിലായതിനാൽ പ്രസ്തുത വീടുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങളോടുകൂടി വാസയോഗ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു പുതിയ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി ഭവന നിർമ്മാണ ബോർഡ് വഴി പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു.

2. മൈത്രീ ഭവന പദ്ധതി-ത്രിതല പഞ്ചായത്തുകൾ അവർ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് വേണ്ടി 12500 രൂപ വീതം ബോർഡിൽ നിക്ഷേപിച്ചാൽ 28,000 രൂപ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന മൈത്രീ നിക്ഷേപ പദ്ധതി ബോർഡിൽ നിലവിലുണ്ടായിരുന്നു. ടി പദ്ധതി 31-12-2004-ൽ ബോർഡ് പൂർണ്ണമായി നിറുത്തലാക്കി.

(ബി) ലക്ഷം വീട് പദ്ധതി സംബന്ധിച്ച് വിവരങ്ങൾ അടങ്ങിയ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

1. മൈത്രീ ഭവന പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് മാസവരുമാനം 1800 രൂപയിൽ കവിയാൻ പാടില്ല.

2. അപേക്ഷകനും, കുടുംബത്തിനും വാസയോഗ്യമായ ഭവനം ഇല്ലാത്തവരായിരിക്കണം. കുറഞ്ഞത് 1.5 സെന്റ് ഭൂമി സ്വന്തമായി ഉണ്ടായിരിക്കണം.

3. മറ്റേതെങ്കിലും ഭവന നിർമ്മാണ പദ്ധതിയുടെ പ്രയോജനം കിട്ടിയവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.

(സി) ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി പ്രകാരം ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകൾ പുതുക്കി പണിയുന്നതിന് മാത്രമേ ധനസഹായം നൽകുകയുള്ളൂ. ഗുണഭോക്താവിന്റെ ചെലവിലോ മറ്റെന്തെങ്കിലും ഭവന നിർമ്മാണ പദ്ധതി അനുസരിച്ചോ ഇതിനകം പുതുക്കിപണിതിട്ടുള്ള വീടുകളാണെങ്കിൽ അത്തരം വീടുകൾ വീണ്ടും പുതുക്കി പണിയുന്നതിന് ടി പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകൾ പുതുക്കി പണിയാൻ ധനസഹായം നൽകുന്നതല്ല.

മൈത്രീ നിക്ഷേപ പദ്ധതി പ്രകാരം വീട് നിർമ്മിക്കാൻ ഒരു പ്രാവശ്യം മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ.

(ഡി) ലക്ഷം വീട് കോളനികളിലെ വീടുകൾ പുതുക്കി പണിയുന്നതിനാണ് ധനസഹായം നൽകുന്നത്. വീടുകൾ റിപ്പയർ ചെയ്യുന്നതിന് ധനസഹായം നൽകുന്നതല്ല. മൈത്രീ പദ്ധതി പ്രകാരം വീട് പണിതവർക്ക് അത് റിപ്പയർ ചെയ്യാൻ ധനസഹായം നൽകാൻ ഇപ്പോൾ പദ്ധതികളൊന്നും ഇല്ല.

(ഇ) വളരെ ലളിതമായ വ്യവസ്ഥകളാണ് ഭവന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഇപ്പോഴുള്ള നിയമങ്ങളിൽ ഇളവ് വരുത്താൻ നിർവാഹമില്ല.

---

† അനുബന്ധം - XI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[20-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 203 (1828)-ന്റെ ഉത്തരം ദയവായി കാണുക]

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

No. P4/14132/03/HB. തീയതി: 2004 ഡിസംബർ 8.

സർക്കുലർ

വിഷയം: ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി-നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന: സർക്കാർ ഉത്തരവ് എം. എസ്. നം. 57/2004/ഭവനം തീയതി 26-11-2004.

കേരള സർക്കാർ 1972-ൽ നടപ്പിലാക്കിയ ലക്ഷംവീട് പദ്ധതിപ്രകാരം 57,590 ഒറ്റവീടുകളും 16,309 ഇരട്ടവീടുകളും (32,618 കുടുംബങ്ങൾക്കുമായി) ആകെ 90,208 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ശരിയായ അറ്റകുറ്റപ്പണികളും മറ്റും ചെയ്യാത്തതിനാൽ ഈ വീടുകളുടെ ഇപ്പോഴത്തെ അവസ്ഥ വളരെ ശോചനീയമാണ്. ആയതിനാൽ പ്രസ്തുത വീടുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങളോടുകൂടി വാസയോഗ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു പുതിയ പദ്ധതി ഭവനനിർമ്മാണ ബോർഡ്വഴി നടപ്പിലാക്കാൻ തീരുമാനിച്ച് 26-11-2004-ലെ സർക്കാർ ഉത്തരവ് എം. എസ്. 57/2004/ഭവനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതിയുടെ വിവരങ്ങൾ

ഒറ്റവീടുകൾ നവീകരിക്കുന്നതിനും ഇരട്ടവീടുകൾ ഒറ്റവീടുകളാക്കി പുതുക്കി പണിയുന്നതിനുമായി ഒരു വീടിന് പരമാവധി 40,000 രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഓരോ വീടും നവീകരിക്കാൻ വേണ്ടിവരുന്ന തുകയിൽ 50% തുക സർക്കാർ സഹായമായും ബാക്കി 50% തുക സന്നദ്ധസംഘടനകൾ/തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾവഴി കണ്ടെത്തേണ്ടതുമാണ്. പദ്ധതിനടത്തിപ്പിന്റെ ചുമതല ഭവനനിർമ്മാണ ബോർഡിനായിരിക്കും.

പദ്ധതി നടപ്പിലാക്കുന്ന രീതി

1. ഭവനനിർമ്മാണ ബോർഡിലെ ജില്ലാതല ഉദ്യോഗസ്ഥർ അതതു പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് നവീകരിക്കേണ്ട/പുതുക്കിപ്പണിയേണ്ട വീടുകളുടെ വിവരം (പേര്, മേൽവിലാസം, ലൊക്കേഷൻ, ഓരോ വീടും നവീകരിക്കാൻ വേണ്ടിവരുന്ന തുക മുതലായവ) ശേഖരിക്കേണ്ടതാണ്. ടി വിവരം ശേഖരിക്കുമ്പോൾ ഗുണഭോക്താവിന്റെ ചെലവിലോ, മറ്റേതെങ്കിലും ഭവനനിർമ്മാണ പദ്ധതി അനുസരിച്ചോ ഇതിനകം പുതുക്കിപ്പണിതിട്ടുള്ള വീടുകളുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അത്തരം വീടുകൾ ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല. ഗുണഭോക്താവ് മരിച്ചുപോയ കേസുകളിൽ ടിയാന്റെ അനന്തരാവകാശികൾക്ക് ഈ പദ്ധതിയ നുസരിച്ച് സഹായം ലഭിക്കാനുള്ള അർഹത ഉണ്ടായിരിക്കും.

2. ഇരട്ടവീടുകൾ, ഒറ്റവീടുകളായി മാറ്റുമ്പോൾ കൂടുതൽ സ്ഥലം ആവശ്യമുള്ള പക്ഷം, അധികംവേണ്ടുന്ന സ്ഥലം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കേണ്ട താണ്. ഇതിനായി സർക്കാർ/പഞ്ചായത്ത് പുറമ്പോക്കുഭൂമികളും പരിഗണി ക്കാവുന്നതാണ്.

3. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഓരോ പഞ്ചായത്ത് തലത്തിലും ഭവനനിർമ്മാണ ബോർഡ് ഉദ്യോഗസ്ഥരും, പഞ്ചായത്ത് മെമ്പർ/പ്രസിഡന്റ്/ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ലോക്കൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. ഭവനനിർമ്മാണ ബോർഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസി. എഞ്ചിനീയർ ആയിരിക്കും കമ്മിറ്റി കൺവീനർ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി ഒരു ജനകീയ പദ്ധതിയായി നടപ്പിലാക്കാൻ വേണ്ടുന്ന എല്ലാ സഹായങ്ങളും സാങ്കേതിക ഉപദേശങ്ങളും ടി കമ്മിറ്റി ഗുണഭോക്താവിന് നൽകേണ്ടതാണ്. ഓരോ വീടിന്റേയും അവസ്ഥ പ്രത്യേകമായി പരിഗണിച്ച് ടി വീടുകൾ വാസയോഗ്യമാക്കുവാൻ ആവശ്യമുള്ള നവീകരണജോലി കൾമാത്രം നടത്തിയാൽ മതിയാകുന്നതാണ്. കൂടാതെ ഒരു കോളനിയിൽ പുതുക്കിപ്പണിയേണ്ട വീടുകളുടെ ജോലികൾ ഒരേ സമയത്ത് തന്നെ ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ കമ്മിറ്റി ചെയ്യേണ്ടതാണ്. ഓരോ പഞ്ചായ ത്തിലും പുതുക്കിപ്പണിയേണ്ട/നവീകരിക്കേണ്ട വീടുകൾ ഉൾപ്പെട്ട കോളനി യുടെ ലേ ഔട്ടിന് കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്. കോളനിക ളുടെ ലേ ഔട്ട് തയ്യാറാക്കേണ്ട ചുമതല പഞ്ചായത്ത് എഞ്ചിനീയർമാർക്കായി രിക്കും. പഞ്ചായത്ത് എഞ്ചിനീയർ ഇല്ലാത്തപക്ഷം ഭവനനിർമ്മാണ ബോർഡ് എഞ്ചിനീയർമാരുടെ സേവനം ഇതിനായി ലഭ്യമാക്കാവുന്നതാണ്.

4. പുതുക്കിപ്പണിയുന്ന വീടുകൾക്ക് 250 മുതൽ 350 ച. അടിയിൽ കുറയാത്ത തറവിസ്തീർണ്ണം ഉണ്ടായിരിക്കേണ്ടതാണ്. പ്രാദേശികമായി ലഭ്യമായിട്ടുള്ള കെട്ടിടനിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് ഗുണഭോക്താവിന്റെ പങ്കാളിത്ത ത്തോടെ വീടുകൾ നിർമ്മിക്കേണ്ടതാണ്. Low Cost Technology ഉപയോഗിച്ച് താഴെ പറയുന്ന സ്പെസിഫിക്കേഷൻ പ്രകാരമോ അതിലും ചെലവുകുറഞ്ഞ രീതിയിലോ ഗുണഭോക്താവിന്റെ അഭിരുചിയുംകൂടി കണക്കിലെടുത്ത് കമ്മിറ്റി യുടെ അംഗീകാരത്തോടെ കഴിയുന്നത്ര കുറഞ്ഞചെലവിൽ വീടുകൾ പുതുക്കിപ്പണിയേണ്ടതാണ്. പഴയ കെട്ടിടം പൊളിക്കുമ്പോൾ ലഭിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗയോഗ്യമായ സാമഗ്രികൾ പരമാവധി ഉപയോഗിച്ചുവേണം വീടുകൾ പുതുക്കിപ്പണിയേണ്ടത്.

ഫൗണ്ടേഷൻ & ബേസ്മെന്റ്	..	കരിങ്കൽകെട്ട് ചെളി ഉപയോഗിച്ച് (Mud Mortar) സിമന്റ് പോയിന്റിംഗോടുകൂടി
സൂപ്പർ സ്ട്രക്ച്ചർ	..	ഹോളോബ്ലോക്/വെട്ടുകല്ല് സിമന്റ് ചാന്ത് ഉപയോഗിച്ച്
വാതിൽ	..	Precast RCC
വാതിൽ/ജനൽപ്പാളികൾ	..	മര ഉരുപ്പടികൾ
ജനൽ	..	ഗ്ലാസ് ഷട്ടറുകളുള്ള സ്റ്റീൽ ജനൽ
മേൽക്കൂര	..	Ferro Cement Slab/Filler Slab/Aluminium Sheet/Tin Sheet
തറ	..	സിമന്റ് തറ

325 ച. അടി തറവിസ്തീർണമുള്ള ഒരു മാതൃകാപ്ലാനും മുകളിൽപറഞ്ഞ സ്പെസിഫിക്കേഷൻ പ്രകാരമുള്ള എസ്റ്റിമേറ്റും മേൽനടപടികളെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ കോളനിയിലേയും വീടുകളുടെ അവസ്ഥയും, സ്ഥലലഭ്യതയും പൊളിക്കാനുദ്ദേശിക്കുന്ന വീടിന്റെ ഉപയോഗയോഗ്യമായ സാധനങ്ങളുടെ ലഭ്യതയും മറ്റും കണക്കിലെടുത്ത് ഓരോ വീടിനും പ്രത്യേകം പ്രത്യേകം പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതാണ്.

5. ഓരോ പഞ്ചായത്തിലുമുള്ള ലക്ഷം വീടുകൾ പുതുക്കിപ്പണിയേണ്ട/നവീകരിക്കേണ്ട തുകയുടെ 50% വഹിക്കുവാൻ അതതു പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമില്ലെങ്കിൽ ടി തുക സന്നദ്ധ സംഘടനകളിൽനിന്നും അതതു പഞ്ചായത്തുകൾ കണ്ടെത്തേണ്ടതാണ്. ഭവനനിർമ്മാണ ബോർഡും സന്നദ്ധ സംഘടനകളെ കണ്ടെത്താനുള്ള സഹായം നൽകേണ്ടതാണ്.

6. കുടിവെള്ളം, വൈദ്യുതി, സാനിറ്റേഷൻ എന്നീ അടിസ്ഥാനസൗകര്യങ്ങൾ പഞ്ചായത്ത് അധികൃതർ അതതു വകുപ്പുമായി ബന്ധപ്പെട്ട് ചെയ്തു കൊടുക്കേണ്ടതാണ്.

7. വീടുകൾ പുതുക്കിപ്പണിയുന്ന സമയത്ത് ഉപഭോക്താക്കളെ മാറ്റിപ്പാർപ്പിക്കേണ്ട ആവശ്യം വരുകയാണെങ്കിൽ അതിനുള്ള സൗകര്യവും പഞ്ചായത്തുകൾ ചെയ്തു കൊടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

8. 2004-05 വർഷത്തിൽ ലക്ഷംവീട് പുനരുദ്ധാരണപദ്ധതിക്കായുള്ള സർക്കാർ സഹായം 5 കോടി രൂപയായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ ലക്ഷംവീടുകോളനികൾ നവീകരിക്കുന്നതിനായി പഞ്ചായത്തുകൾ മുന്നോട്ടുവരുന്ന ക്രമത്തിൽ ജില്ല തിരിച്ചുള്ള വിഹിതം തീരുമാനിക്കുന്നത് ഭവനനിർമ്മാണ ബോർഡ് ആയിരിക്കും.

9. നവീകരിക്കേണ്ട ലക്ഷംവീടുകോളനികളുടെ വിശദവിവരങ്ങൾ നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ അതാത് എക്സി. എഞ്ചിനീയർമാർ പഞ്ചായത്തിൽ നിന്ന് ശേഖരിക്കേണ്ടതാണ്.

10. പഞ്ചായത്ത്/സന്നദ്ധസംഘടനകളുടെ 50% വിഹിതം ഉപയോഗിച്ച് ഗുണഭോക്താവ് റൂഫ്ലെവൽ വരെയുള്ള പണികൾ പൂർത്തിയാക്കേണ്ടതാണ്. ഓരോ പ്രദേശത്തേയും മണ്ണിന്റെ ഘടനയിലുള്ള വ്യതിയാനം, കെട്ടിടനിർമ്മാണ സാമഗ്രികളുടേയും ജോലിച്ചെലവിലുള്ള വ്യത്യാസവും മറ്റും കണക്കിലെടുക്കുമ്പോൾ റൂഫ്ലെവൽവരെയുള്ള പണികൾ പൂർത്തിയാക്കുവാൻ 20000 രൂപയിൽ കൂടുതൽ തുക വേണ്ടിവരുകയാണെങ്കിൽ പഞ്ചായത്തോ/സന്നദ്ധ സംഘടനയോ/ഗുണഭോക്താവോ വഹിക്കേണ്ടതാണ്.

11. വീടുകൾ പൂർത്തിയാക്കുന്നതിനാവശ്യമായ സർക്കാർ വിഹിതം 20,000 രൂപ ഭവന നിർമ്മാണ ബോർഡ് വഴിയായിരിക്കും വിതരണം ചെയ്യുന്നത്. ഇതിനായി റൂഫ്ലെവൽവരെ പണി പൂർത്തിയാക്കിയ വീടുകളുടെ ലിസ്റ്റ് ബന്ധപ്പെട്ട ഫയൽസഹിതം ശുപാർശയോടുകൂടി ബന്ധപ്പെട്ട പഞ്ചായത്ത് ഭവന നിർമ്മാണ ബോർഡ് എക്സി. എഞ്ചിനീയറുടെ ഓഫീസിൽ നൽകേണ്ടതാണ്.

12. ഭവന നിർമ്മാണ ബോർഡ് അസി. എഞ്ചിനീയറുടെ/ഓവർസീയറുടെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഹിതം ജില്ലാ/ബ്രാഞ്ച് ഓഫീസിൽനിന്ന് നൽകാവുന്നതാണ്. സർക്കാർ വിഹിതം ഉപയോഗിച്ച് ഗുണഭോക്താവ് വീടിന്റെ മേൽക്കൂര, തറയുടെ പണി, വാതിൽപ്പാളികളുടെ പണി, വൈറ്റ് വാഷിംഗ്, ഇന്ത്യൻ ക്ലോസറ്റ് സ്ഥാപിക്കാൽ മുതലായവ ചെയ്യേണ്ടതാണ്.

13. ഓരോ വീടിന്റെയും പൂർത്തീകരണ റിപ്പോർട്ട് പഞ്ചായത്തുകൾ സർക്കാർ വിഹിതം വിതരണം നടത്തി 2 മാസത്തിനകം ഭവന നിർമ്മാണ ബോർഡിൽ നൽകേണ്ടതാണ്.

14. ഈ പദ്ധതിയെ സംബന്ധിച്ച് ആവശ്യമായ പബ്ലിസിറ്റി അതാത് എക്സി. എഞ്ചിനീയർമാർ നൽകേണ്ടതാണ്.

15. പദ്ധതിനടത്തിപ്പിന്റെ സുഗമമായ പുരോഗതിക്കുവേണ്ടി പഞ്ചായത്തുമായി ആലോചിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിനുള്ള പൂർണമായ അധികാരം എക്സി. എഞ്ചിനീയർമാരിൽ നിക്ഷിപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

16. പഞ്ചായത്ത് അധികൃതരുമായി ചേർന്ന് പുതുക്കിപ്പണിയേണ്ട/നവീകരിക്കേണ്ട വീടുകളുടെ ലിസ്റ്റ് തയ്യാറാക്കി 2-1-2005-ന് ഹെഡ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

17. പദ്ധതിയുടെ ആദ്യഘട്ടം 10-1-2005-നു തുടങ്ങി 30-3-2005-നകം പൂർത്തിയാക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള സർക്കാർ നിർദ്ദേശങ്ങളനുസരിച്ച് മേൽ പറഞ്ഞവയിൽ മാറ്റങ്ങൾ വരാവുന്നതാണ്.

(ഒപ്പ്)

സെക്രട്ടറി

പകർപ്പ്:

എല്ലാ മേഖലാ എഞ്ചിനീയർമാർക്ക്/ഡിവിഷണൽ എക്സി. എഞ്ചിനീയർമാർക്കും/ജില്ലാ ബ്രാഞ്ച് അസി. സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർമാർക്ക് —അറിവിലേയ്ക്കും അനന്തര നടപടികൾക്കും.

ചീഫ് എഞ്ചിനീയർ/ജോയിന്റ് സെക്രട്ടറി/ഫിനാൻസ് മാനേജർ/ചീഫ് അക്കൗണ്ട്സ് ഓഫീസർ/ഡെപ്യൂട്ടി സെക്രട്ടറി (എസ്റ്റേറ്റ്/ഡെപ്യൂട്ടി സെക്രട്ടറി (ലോൺസ്/ഡെപ്യൂട്ടി സെക്രട്ടറി (റിക്കവറി)/എക്സി. എഞ്ചിനീയർ (മോണിട്ടറിംഗ്)/ എക്സി. എഞ്ചിനീയർ (Works) എക്സി. എഞ്ചിനീയർ (CF)— അറിവിലേയ്ക്ക്

ചെയർമാന്റെ പി.എ./ സെക്രട്ടറിയുടെ പി. എ.

അംഗീകാരത്തോടെ,

എക്സി. എഞ്ചിനീയർ (പ്ലാനിംഗ്)

LIBRARY ARCHIVES Kerala Legislative Assembly